I/95194/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തിയതി : 13-06-2023

പ്രേക്ഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ

ആലപ്പുഴ

സർ/മാഡം,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡും, തൊഴിൽ ദിനങ്ങളും നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം – സംബന്ധിച്ച്.

സൂചന: താങ്കളുടെ 22.03.2023 ലെ NREGA-ALP/31/2023-A3 നമ്പർ കത്ത്

സൂചന കത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്ത് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബത്തിന് മറ്റൊരു ഗ്രാമ പഞ്ചായത്തിൽ ഭവന പദ്ധതി പ്രകാരം വീട് അനുവദിച്ചാൽ ടി പഞ്ചായത്തിലേക്ക് ജോബ് കാർഡ് നൽകാൻ കഴിയുമോ എന്നതിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്..

ലൈഫ് പദ്ധതി പ്രകാരം വീട് അനുവദിക്കുന്ന സാഹചര്യത്തിൽ വീട് സ്ഥിതി ചെയ്യാൻ പോകുന്ന ഗ്രാമ പഞ്ചായത്തിൽ ആകും ടിപ്രസ്തുത കുടുംബം സ്ഥിര താമസം ആക്കാൻ പോകുന്നത്. ഇതിനായി തൊഴിൽ കാർഡ് ട്രാൻസ്ഫർ ചെയ്യാനുള്ള provision MIS -ൽ ജില്ലാതലത്തിൽ ലഭ്യമാണ്. കേരള പഞ്ചായത്ത് രാജ് നിയമം അല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് പിന്തുടരുന്ന മറ്റു നിയമങ്ങൾ പ്രകാരം ടിയാന് പുതിയ ഗ്രാമ പഞ്ചായത്തിൽ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് അർഹത ഉള്ള പക്ഷം തൊഴിൽ കാർഡ് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിന് ഇപ്പോൾ തൊഴിൽക്കാർഡ് ഉള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യമായ പ്രൊപോസൽ ബന്ധപ്പെട്ട BPO മുഖാന്തിരം JPC സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധനകൾക്കു ശേഷം തൊഴിൽ കാർഡ് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി ജില്ലാതലത്തിൽ സ്വീകരിക്കുന്നതുമാണ്.

വിശ്വസ്തതയോടെ

JOINT DEVELOPMENT COMMISSIONER
For Mission Director

പകർപ്പ് : എല്ലാ JPC മാർക്കും (അറിവിലേക്ക് )